## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642** **02-02-2023 - ൽ മറുപടിയ്ക്ക്**

## കാഞ്ഞിരപ്പള്ളിയിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളിയിൽ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ കത്തിൽ (നമ്പർ.88/ജി.സി.ഡബ്ല്യൂ/2022) സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് കാർഷിക നാണ്യ വസ്തുക്കളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് കിൻഫ്രയുടെ കീഴിൽ ഒരു അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതും അനുബന്ധമായി തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഗവ. ചീഫ് വിപ്പിന്റെ 88/ജി.സി.ഡബ്ല്യൂ/2022 നമ്പർ കത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അദ്ധ്യക്ഷനായ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വില്ലേജിൽ ഉൾപ്പെടുന്ന വില്ലനി എന്ന പ്രദേശത്തെ 33.4 ഏക്കർ ഭൂമി സന്ദർശിച്ചിരുന്നു. ടി ഭൂമി റബ്ബർ തോട്ടമായാണ് നിലകൊള്ളുന്നതെന്നും ആയത് ഏറ്റെടുക്കുന്നതിന് റവന്യൂ, വനം, ഖനന-ഭൂവിജ്ഞാന, പൊതുമരാമത്ത് വകുപ്പുകളുടെയും കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെയും ക്ലിയറൻസ് ലഭ്യമായതിനുശേഷം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് സാങ്കേതിക വിദഗ്ധരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കാർഷിക നാണ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിൽ മുൻപന്തിയിലുള്ള പ്രദേശമാണ് കാഞ്ഞിരപ്പള്ളി എന്നത് കണക്കിലെടുത്ത് മൂല്യവർദ്ധിത ഉത്പങ്ങൾ ഉത്പാദിപ്പിക്കുന്നതിന് സഹായകമാകുന്ന അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ? | (ബി) | നിർദ്ദിഷ്ട പ്രദേശം പാർക്കിന് അനുയോജ്യമാണോയെന്നുള്ള വിദഗ്ധ പഠനവും നിക്ഷേപ സാധ്യതയും വിലയിരുത്തിയശേഷം മാത്രമേ അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുവാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ